സി.എൽ.റ്റി (2) 39679/11 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 23/2/2013

**Email :** keralarcs.coop.@kerala.gov.in
**Website : www co.operation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 15/2013

വിഷയം: സഹകരണ വകുപ്പ് – ഉത്തേജന പലിശ ഇളവ് പദ്ധതി–ഹ്രസ്വകാല കാർഷിക വായ്പ–കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി/ഇളവ്–പലിശ രഹിത വായ്പ–**പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ** പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

സൂചന: 1) 30.3.2012 ലെ സ.ഉ.(സാധാ) 237/2012/സഹ.നമ്പർ ഉത്തരവ്.
2) 26.5.12 ലെ സ.ഉ.(സാധാ) 315/2012/സഹ.നമ്പർ ഉത്തരവ്.
3) 8.2.2013 ലെ സ.ഉ(സാധാ) 23/2012/സഹ.നമ്പർ ഉത്തരവ്.
4) രജിസ്ട്രാറുടെ 26(എ) 2012 നമ്പർ സർക്കുലർ.

.................

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1),(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സൂചന (3) പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (4) സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ **പുനക്രമീകരിച്ച്** പുറപ്പെടുവിക്കുന്നു.

ഈ പദ്ധതി പ്രകാരം ആനുകൂല്യം/ഇളവ് ലഭിക്കുന്നതിന് ചുവടെ പരാമർശിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

എ) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളു.

ബി) എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രൈഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നി വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനൂകുല്യം ലഭിക്കുന്നതാണ്.

സി) മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളു.

ഡി) ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിയ്ക്കുള്ളിൽ അതായത് കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുമ്പോ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന 3% പലിശ സബ്സിഡി (Interest Subvention)

(യഥാസമയം തിരികെ അടയ്ക്കുന്ന വായ്പകൾക്ക് നബാർഡിൽ നിന്നും അനുവദനീയമായ 1% പലിശ സബ്സിഡി ഉൾപ്പെടെ) കഴിച്ച് പരമാവധി 5% പലിശ (വായ്പയുടെ പലിശയ്ക്കനുസരണമായി) ടി വായ്പകൾക്ക് പലിശ അനുവദിക്കുന്നതാണ്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബവെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്സിഡി മാത്രമേ അനുവദിക്കുകയുള്ളു.

ഇ) യഥാസമയം വായ്പ അടയ്ക്കുന്നവരിൽ നിന്ന്, മുതൽ തുക മാത്രമേ ഈടാക്കാവൂ. 3% പലിശ സബ്‌വെൻഷനുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ്, ജില്ലാ സഹകരണ ബാങ്കിനും, ബാക്കി 4% (പരമാവധി 5%) നുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണ സംഘം രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണ്.

എഫ്. വായ്പ മുതൽ തിരികെ അടയ്ക്കുമ്പോൾ തുക മുതലിലേയ്ക്ക് വരവ് വയ്ക്കുകയും, പലിശ, സർക്കാരിൽ നിന്നോ, നബാർഡിൽനിന്നോ ലഭിക്കാനുള്ളതായി കണക്കിൽ കാണിക്കേണ്ടതും, ലഭിക്കാനുള്ള പലിശയ്ക്ക് ഉടൻ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലഭിക്കുന്ന മുറയ്ക്ക് സഹകരണ സംഘം രജിസ്ട്രാർ ഇതിനായി പ്രത്യേകം വകയിരുത്തിയിട്ടുള്ള അക്കൗണ്ടിൽ നിന്നും ജോയിന്റ് രജിസ്ട്രാർക്ക് തുക അനുവദിച്ചു നൽകു-ന്നതാണ്.

ജി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ സംബന്ധിച്ചിടത്തോളം സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിൽ അധികരിക്കാതെയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്ന് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പ/കെ.സി.സി വായ്പകളെ സംബന്ധിച്ചിടത്തോളം, നബാർഡ് ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള പലിശ നിരക്കിൽ അധികരിക്കാതെ വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

എച്ച്) ഒന്നിലധികം വായ്പകളിലായി ഓരോ കർഷകർക്കും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ, പരമാവധി മൂന്നു ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളു.

ഐ) ടി പരിധിയിൽ അധികരിച്ച് വരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല.

ജെ) സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിന്മേൽ യഥാസമയം തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് പലിശ ഇളവ് ആയി നൽകുന്ന പരമാവധി 3% പലിശ ഇളവ് കഴിച്ച് ഹ്രസ്വകാല കാർഷിക വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകിയിട്ടുള്ള പലിശ നിരക്കിൽ അധികരിക്കാതെ ബാക്കി പലിശ (പരമാവധി 5%) സർക്കാർ അനുവദിച്ചു നൽകുന്നതിനായി, ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിതമായിട്ടാണ്

നൽകേണ്ടത്. കർഷകരിൽ നിന്നും മുതൽ തുക മാത്രം ഈടാക്കേണ്ടതാണ്. നബാർഡിൽ നിന്നുള്ള പലിശ സബ്‌വെൻഷൻ ജില്ലാ ബാങ്ക് മുഖേന അപേക്ഷിക്കേണ്ടതും, സർക്കാരിന്റെ പലിശ ഇളവിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതു മാണ്.

കെ) വായ്പകൾ പുതിയതായി നൽകിയതായിരിക്കേണ്ടതും. പലിശ അടച്ച് പുതുക്കിയ-തോ, പലിശയും ചേർത്ത് പുതുക്കിയതോ ആയ ഹ്രസ്വകാല കാർഷിക വായ്പ കൾക്ക് ഈ ആനൂകുല്യം ലഭിക്കുകയില്ല. തൻവർഷം പുതുതായി വിതരണം ചെയ്ത കാർഷിക വായ്പകൾക്ക് മാത്രമേ ഈ ആനൂകുല്യം ലഭിക്കുകയുള്ളു.

എൽ) കിസാൻ ക്രെഡിറ്റ് വായ്പകളിൽ ഓരോ വർഷവും അക്കൗണ്ടിൽ നിന്നും പിൻവ ലിച്ചിട്ടുള്ള തുക വിതരണം ചെയ്ത വായ്പയായി കണക്കാക്കേണ്ടതും, പിൻവലിച്ച തീയതി മുതൽ ഇത്തരം വായ്പകൾ ഒരു വർഷത്തിനകം തിരിച്ചടവ് കൃത്യമായി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ഈ പദ്ധതി പ്രകാരം ആനൂകുല്യം ലഭിക്കുന്നതാണ്.

ടി പദ്ധതി പ്രകാരം പലിശ, സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് റീഇംപേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി :-

I. ടി പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി കൊണ്ടുള്ള ഭരണസമിതി തീരുമാനത്തോടൊപ്പം അനുബന്ധം I,II,III-ൽ വിവരങ്ങൾ തയ്യാറാക്കേണ്ടതാണ്.

II. ടി വിവരങ്ങൾ/പട്ടികകൾ അതാത് താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്വേഷൻ ആഫീസർ എന്നിവർക്ക് ഓരോ ക്വാർട്ട റിലും സമർപ്പിക്കേണ്ടതാണ്.

III. അപ്രകാരം സംഘങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന അപേക്ഷകൾ യൂണിറ്റ് ഇൻസ്പെക്ടർമാർ/വാല്വേഷൻ ആഫീസർമാർ സംഘം റിക്കാർഡുകളുമായി ആനൂകുല്യത്തിനുള്ള അർഹത പരിശോധിച്ച് അർഹതപ്പെട്ട തുക ശുപാർശ ചെയ്യേ ണ്ടതാണ്.

IV. ഇപ്രകാരം ലഭിക്കുന്ന അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/വാല്വേഷൻ ഓഫീസർമാർ, സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന് ശുപാർശ ചെയ്ത് സമർപ്പിക്കേണ്ടതാണ്.

V. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടി പദ്ധതി പ്രകാരം ഓരോ ക്വാർട്ടറിലും എത്ര തുക യാണ് അനുവദിക്കേണ്ടത് എന്ന് വ്യക്തമാക്കി കൊണ്ടുള്ള ശുപാർശ സഹിതമുള്ള പ്രൊപ്പോസലുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്. സമർപ്പിക്കുന്ന ക്ലെയിമുകളെ സംബന്ധിച്ചും, അനുവദിച്ച തുക സംബന്ധിച്ചും ധനസഹായം ലഭിച്ച കർഷകരെ സംബന്ധിച്ചും ചുവടെ പരാ മർശിക്കുന്ന മാതൃകയിൽ ഒരു രജിസ്റ്റർ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, അസിസ്റ്റന്റ് രജിസ്ട്രാർ/വാല്വേഷൻ ആഫീസറും സൂക്ഷിക്കേണ്ടതും, യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം അച്ചടക്ക നടപടികൾ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരി-ക്കേണ്ടതും രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

VI. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആനുകൂല്യ തുക സംഘം/ബാങ്ക് കണക്കിൽ വരവ് വച്ചിട്ടുണ്ടെന്നും, ലഭിച്ച തുക ടി പദ്ധതിയ്ക്ക് തന്നെ വിനിയോഗിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യ പത്രം താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർ/വാല്വേഷൻ ആഫീസർ മുഖാന്തിരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)–ന് സമർപ്പിക്കേണ്ടതാണ്.

VII സംഘം സമർപ്പിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട്, ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം ഒരു പകർപ്പ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കേണ്ടതും, പകർപ്പ് ഈ ആഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)

<u>പകർപ്പ്:-</u>

1) രജിസ്ട്രാർ,
   കേരള ഹൈക്കോടതി–ഉപരിപത്രം സഹിതം, എറണാകുളം.
2) സെക്രട്ടറി,
   കേരള നിയമസഭ– ഉപരിപത്രം സഹിതം.
3) സഹകരണ സംഘം ആഡിറ്റ് ഡയറക്ടർ
4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മാർക്കും
5) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ
   കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
7) മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
8) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   (ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ)മുഖേന)
9) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
   (ജോയിന്റ് ഡയറക്ടർമാർ (ആഡിറ്റ്) മുഖേന)
10) ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
11) എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കും,
   കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
   ( ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ)മുഖേന)
12) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
13) വെബ്സൈറ്റ്
14) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
15) സ്റ്റോക്ക് ഫയൽ/സ്പെയർ.

**//ആജ്ഞാനുസരണം//**

**അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)**

**DEMAND STATEMENT**
**A P P E N D I X - I**

Statement showing the details of members of Service Co-operative Bank Ltd./Primary Co-operative Agricultural Development Bank Ltd. who are eligible for Stimulus Interest Subsidy Package for the quarter ended $30^{th}$ June, $30^{th}$ sept, $31^{st}$ Dece,$31^{st}$ March.

| Particulars of small and marginal members who are eligible for the assistance | | | | | Particulars of Loan issued to members | | | | | Purpose for which loan was paid | Rate of interest fixed | Particulars of Repayment | | | % of interest charged | Eligible for the interest Relief. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Sl. No | Member No. | Name of Member | Address | Total extend of land held by the member | Loan No. | Date on which loan was paid | Amount of loan sanctioned | No of instalment colleed | The date for repayment of the amount of instalment of loan | | | Date of Repay-ment | Amount repaid Prl | Amount repaid Int | | (Rounded to the nearest (Rs) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | | | | | | | | | | | | |

1.**Certified that the interest relief received previously has been prompltly accounted in the books of accounts of the society for the purpose for which it is sanctioned .**

**Directors 1- Signature** **President/Secretary**

**2- Signature**

**2. Certified that I have verified the correctness of the above statement with reference to the Book of account of the …………..Service Co-operative Bank/PCARDB and found that the loans eligible for relief are issued for agricultural purpose, and verified correct.**

**Unit Inspector /Assistant Registrar/Valuation Officer**

**3. Recommended to the Joint Registrar (G) for sanction of a total amount of Rs.**

**Assistant Registrar(General)/Assistant Registrar/Valuation Officer**

4.**Amount Sanctioned.**

| Sl.No | No of Societies | Amount Sanctioned |
|---|---|---|
| | | |

**Joint Registrar (General)**

**DEMAND STATEMENT**
**A P P E N D I X-II**

Statement showing the details of members having more than one loans.

| Sl. No | Member No. | Name of Member | Address | Loan No. | Date of loan | Amount | Period of loan | Due date for repayment | Date of Repayment | Amount Repaid | Relief allowed (Amount) | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

1.Certified that the interest relief received previously has been prompltly accounted in the books of accounts of the society for the purpose for which it is sanctioned .

Directors 1. Signature

2. Signature

President/Secretary

**2. Certified that I have verified the correctness of the above statement with reference to the Book of account of the …………..Service Co-operative Bank/PCARDB and found that the loans are issued for agricultural purpose, and verified correct.**

**Unit Inspector /Assistant Registrar/Valuation Officer**

**3. Recommended to the Joint Registrar (G) for sanction of a total amount of Rs.**

**Assistant Registrar(General)/Assistant Registrar/Valuation Officer**

4.**Amount Sanctioned.**

| Sl.No | No of Societies | Amount Sanctioned |
|---|---|---|
| | | |

**Joint Registrar (General)**

**DEMAND STATEMENT**

**A P P E N D I X-III**

**Consolidated Statement showing the details of members of Service Co-operative Banks/Primary Co-operative Agricultural and Rural Development Banks who are eligible for stimulus Relief scheme for the Quarter ended on …….30th June/30th Sept/31st December/31st March**

| Category | Type of Loans | | | | Total | |
|---|---|---|---|---|---|---|
| | ST | | MT | | | |
| PACS | No of farmers | Amount | No of farmers | Amount | No.of farmers | Amount |
| FSCB | | | | | | |
| PCARDB | | | | | | |
| | | | | | | |

.

1.Certified that the interest relief claimed during the quarter has been verified by me with reference to the Books of accounts of the ……………Bank and found correct.

Verification Officer
(Name…… )
Date. (Designation ….. )

Recommended to the Joint Registrar(General) for sanction of a total amount of Rs……….

(Asisstant Registrar/Valuation Officer/Assistant Registrar(General))